ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) ഉണ്ട്. ടൂറിസം രംഗത്ത് സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള വിവിധ പദ്ധതികൾ ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് വഴി ആവിഷ്ക്കരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ടൂറിസം സാദ്ധ്യതകളുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ആദ്യ പദ്ധതിയായി വേളിയിൽ ഒരു രാജ്യാന്തര ഉല്ലാസകേന്ദ്രം സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയായി വരുന്നു. കൂടാതെ, ബേക്കൽ ടൂറിസം പദ്ധതിയുടെ ഭാഗമായി റിസോർട്ട് സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു നൽകിയിട്ടുണ്ട്.

(ബി) കേരളത്തിലെ ടൂറിസം സാദ്ധ്യതകളുള്ള പ്രദേശങ്ങളിൽ സ്വകാര്യ സംരംഭകരോടുചേർന്ന് പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള ഹോട്ടൽ പദ്ധതികൾ ഉൾപ്പെടെ വിവിധ ടൂറിസം പദ്ധതികൾ സർക്കാർ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന ടൂറിസം സാദ്ധ്യതകളുള്ള ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ടി.ആർ.കെ.എൽ വഴി നടപ്പിലാക്കുന്നതാണ്. കൂടാതെ, ബേക്കൽ ടൂറിസത്തിന്റെ ഭാഗമായി ഹോട്ടലുകൾ നിർമ്മിക്കുന്നതിന് സ്വകാര്യസംരംഭകരെ ആകർഷിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചുകഴിഞ്ഞു.

(സി) ഉണ്ട്.

(ഡി) വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

ആയുധശേഖരം കണ്ടെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

13 (*643) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. പി. ജയരാജൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തീവ്രവാദികൾ ആയുധ ശേഖരണം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ബോംബുകളും ആയുധങ്ങളും സ്ഫോടക നിർമ്മാണ വസ്തുക്കളും കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം പ്രദേശങ്ങളിൽ നിന്നാണ് ആയുധ ശേഖരങ്ങൾ കണ്ടെത്തിയിട്ടുള്ളത് ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇവരുടെ രാഷ്ട്രീയ ബന്ധം വ്യക്തമാക്കുമോ ; ഭീകരവാദം നേരിടുന്നതിന് പോലീസ് സേനയെ സജ്ജമാക്കാൻ ഊർജ്ജിത നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) ചില സ്ഥലങ്ങളിൽ മത മൗലികവാദ സംഘടനകളിൽപ്പെട്ട ചിലർ ആയുധങ്ങൾ സൂക്ഷിച്ചുവെച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അത്തരം ബോംബുകളും ആയുധങ്ങളും കണ്ടെത്തുന്നതിനുവേണ്ടി പോലീസ് വ്യാപകമായി ചില സംഘടനകളുടെ ആഫീസുകളിലും, അതിന്റെ പ്രവർത്തകരുടെ വീടുകളിലും മറ്റും റെയ്ഡ് നടത്തിയിട്ടുണ്ട്.

(സി) കണ്ണൂരിലെ എടയ്ക്കാട്, പയ്യന്നൂർ, കൊളവല്ലൂർ എന്നീ സ്ഥലങ്ങളിൽ നിന്നും നാടൻ ബോംബുകളും, വടിവാൾ, മഴു തുടങ്ങിയ ചില ആയുധങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് എടയ്ക്കാട് പി.എസ്.-ൽ ക്രൈം നമ്പർ 377/10 സ്ഫോടക വസ്തു നിയമപ്രകാരം അഷറഫ്, മൻസൂർ, അഫ്സൽ മറ്റ് കണ്ടാലറിയാവുന്ന 25 പേർക്കെതിരെയും പയ്യന്നൂർ പി.എസ്. ൽ ക്രൈം നമ്പർ 510/10 ആയുധ നിയമപ്രകാരം അഫ്സലിനെതിരെയും കൊളവല്ലൂർ പി.എസ്-ൽ ക്രൈം നമ്പർ 336/10 ആയുധ നിയമം പ്രകാരം കുഞ്ഞഹമ്മദ് എന്ന ആൾക്കെതിരെയും കേസെടുത്ത് അന്വേഷണം നടത്തിവരുന്നു.

(ഇ) മേൽപ്പറഞ്ഞ കേസ്സുകളിലെ പ്രതികൾ പി.എഫ്.ഐ./എസ്.ഡി.പി.ഐ. എന്നീ സംഘടനകളിലെ പ്രവർത്തകരാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഭീകരവാദത്തെ നേരിടുന്നതിന് സംസ്ഥാന പോലീസ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി ഒരു പ്രത്യേക യൂണിറ്റും രൂപീകരിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയിലെ ജൻറം, യൂഡിസ്മാറ്റ്, സുസ്ഥിര നഗരവികസന പദ്ധതി എന്നിവയുടെ നടത്തിപ്പ്

14 (*644) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരസഭകൾ വഴി കേന്ദ്രാവിഷ്കൃത പദ്ധതികളായ ജൻറം, യൂഡിസ്മാറ്റ്, സുസ്ഥിര നഗരവികസന പദ്ധതി എന്നിവയിലൂടെ എത്ര കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കിയശേഷം ഇതുവരെ ഓരോ പദ്ധതിയിലൂടെയും എന്ത് കേന്ദ്ര സഹായം വീതമാണ് അനുവദിച്ചത് എന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly